"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ/എയിഡഡ്/അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2300/2019/LSGD തീയതി,തിരുവനന്തപുരം, 19/10/2019

---

പരാമർശം:- 1 04.03.2016-ലെ സ.ഉ.(സാധാ.)നം. 1117/2016/ത.സ്വ.ഭ.വ

2 17.10.2017-ലെ സ.ഉ.(സാധാ.)നം.3326/2017/ത.സ്വ.ഭ.വ.

3 22.12.2018-ലെ സ.ഉ.(സാധാ.)നം.3227/2018/ത.സ്വ.ഭ.വ.

4 27.09.2019-ലെ സ.ഉ.(സാധാ.)നം.2112/2019/ത.സ്വ.ഭ.വ.

5 ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 27.09.2019- ലെ A30/CKCL/2019/02 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ക്ലീൻ കേരള കമ്പനി നൽകേണ്ടുന്ന തുക കിലോഗ്രാമിന് 10 രൂപ എന്ന നിരക്കിൽ നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ നിരക്കിൽ അവ നൽകുന്ന സർക്കാർ/ സർക്കാരിതര/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി പരമാർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ നിരക്കിനൊപ്പം നിലവിലുള്ള സേവനനികുതി (18%) കൂടി അതാത് സ്ഥാപനങ്ങളിൽ നിന്നും (സർക്കാർ/ സർക്കാരിതര / പൊതുമേഖല) ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി പരമാർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ

സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിന്നും ലഭിക്കുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോ ഗ്രാമിന് 10 രൂപ എന്ന നിരക്കിൽ (സേവന നികുതിക്ക് പുറമെ) അതത് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി പരമാർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഉതകുന്ന തരത്തിൽ ഒരു സർക്കാർ ഉത്തരവ് ലഭിക്കുന്നത് പ്രസ്തുത പ്രവൃത്തികൾ കൂടുതൽ വ്യാപകമായി നടത്തുന്നതിന് സഹായകരമാകും എന്നതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ/എയിഡഡ്/അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ (തെർമോക്കോൾ, റെക്സിൻ, തുകൽ/പ്ലാസ്റ്റിക്/റബ്ബർ ചെരിപ്പുകൾ, ബാഗുകൾ, ഫർണിച്ചറുകൾ, പേപ്പറുകൾ, പ്ലാസ്റ്റിക് മുതലായവ) എന്നിവയുടെ ശേഖരണം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

മാനേജിംഗ് ഡയറക്ടർ ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.10.21 11:05:56 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്–

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്–ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്